(ഡി) ഈ സ്ഫോടനം സംബന്ധിച്ച് പാനൂർ പോലീസ് കേസെടുത്തുവോ ; എങ്കിൽ പ്രസ്തുത കേസിന്റെ ക്രൈം നമ്പർ എത്രയെന്ന് പറയുമോ ;

(ഇ) ഈ കേസിലെ കക്ഷികൾക്ക് പരിക്കേറ്റത് എപ്രകാരമാണെന്നാണ് ക്രൈമിൽ വിശദീകരിച്ചിട്ടുള്ളത് ;

(എഫ്) ഈ കേസ് പുനരന്വേഷണം നടത്തി യഥാർത്ഥ കുറ്റത്തിന് കേസെടുക്കുമോ ?

ഉത്തരം

(എ-എഫ്) നബീസുവിന്റെ വീടിനകത്ത് ഒരു സ്ഫോടനം ഉണ്ടായതിൽ 3 പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 275/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നു വരുന്നു.

കുടുംബത്തെ ഒന്നടങ്കം കൂട്ടക്കൊല ചെയ്ത സംഭവം

94 (95) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ നഗരത്തിൽ ഒരു കുടുംബത്തെ ഒന്നടങ്കം കൂട്ടക്കൊല ചെയ്ത സംഭവം സംബന്ധിച്ച കേസന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈ കേസിൽ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഈ സംഭവത്തെ തുടർന്ന് ജനങ്ങൾക്കുണ്ടായിരുന്ന ഭീതി അകറ്റുന്നതിന് പ്രതികളെ കണ്ടെത്തുന്നതിനും കുറ്റമറ്റ അന്വേഷണ സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ-സി) കേസന്വേഷണം പൂർത്തിയായി വരികയാണ്. കേസിലെ പ്രധാന പ്രതി മാഞ്ഞൂരാൻ വീട്ടിൽ ആന്റപ്പൻ എന്നു വിളിക്കുന്ന ആന്റണിയെ അറസ്റ്റു ചെയ്തു.

ബലാൽസംഗങ്ങൾ

95 (96) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എത്ര ബലാൽസംഗങ്ങൾ ഉണ്ടായി ; ഇവയിൽ കൂട്ടുബലാൽസംഗങ്ങളെത്ര ; അമ്മമാരുടെ ബലാൽസംഗങ്ങളെത്ര ; ബന്ധുമിത്രാതികളുടെ മുമ്പിൽവച്ച് നടന്ന ബലാൽസംഗങ്ങളെത്ര ;

LIBRARY ARCHIVES Kerala Legislative Assembly